# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1754** — **12-06-2019 ൽ മറുപടിയ്ക്ക്**

## കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ടി. വി. ഇബ്രാഹിം** | | **ശ്രീ. കെ.ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| എ) | കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകൃതമായത് മുതൽ കഴിഞ്ഞ സർക്കാരിന്റെ കാലം വരെ ഈ സ്ഥാപനത്തിൽ നിയമിക്കപ്പെട്ടവർ എത്ര; ഏതൊക്കെ തസ്തികകളിൽ; അങ്ങനെ നിയമിക്കപ്പെട്ട എത്ര പേർ കഴിഞ്ഞ സർക്കാരിന്റെ കാലാവധി അവസാനിക്കും മുമ്പ് ജോലിയിൽ സ്ഥിരപ്പെട്ടു; ഏതേത് തസ്തികകളിൽ; വിശദമാക്കുമോ; | എ) | കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകൃതമായത് മുതൽ കഴിഞ്ഞ സർക്കാരിന്റെ കാലം വരെ ഈ സ്ഥാപനത്തിൽ വിവിധ ഘട്ടങ്ങളിലായി കരാർ വ്യവസ്ഥയിൽ 21 പേരെ നിയമിച്ചിരുന്നു. എൽ.ഡി ക്ലർക്ക്, പ്യൂൺ, ജൂനിയർ അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, ഡെപ്യൂട്ടി മാനേജർ, കമ്പനി സെക്രട്ടറി എന്നീ തസ്തികകളിലായിരുന്നു നിയമനം. കൂടാതെ ഡപ്യൂട്ടേഷനിൽ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിയെ എം.ഡി ആയും ശ്രീ. വി.കെ അക്ബർ (റിട്ട.) എസ്.പി.-യെ റീ എംപ്ലോയ്മെന്റ് വ്യവസ്ഥയിലും നിയമിച്ചിരുന്നു. കരാർ വ്യവസ്ഥയിൽ കോർപ്പറേഷനിൽ നാളിതുവരെ സ്ഥിര നിയമനം ഒന്നും നടത്തിയിട്ടില്ല. |
| ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ സ്ഥാപനത്തിൽ നിയമിക്കപ്പെടുകയും എന്നാൽ ഈ സർക്കാരിന്റെ കാലത്ത് ജോലിയിൽ സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തതായ എത്ര പേർ ഉണ്ട്; ഏതെല്ലാം തസ്തികകളിൽ എത്ര പേർ വീതമെന്ന് വ്യക്തമാക്കുമോ; | ബി) | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നാളിതുവരെ സ്ഥിര നിയമനം നടത്തിയിട്ടില്ല. |
| സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെടുകയും ഈ സർക്കാർ കാലയളവിലും ജോലിയിൽ തുടർന്ന് വരുന്നതുമായവരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;വിശദവിവരം ലഭ്യമാക്കുമോ; | സി) | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ആരെയും സ്ഥിരപ്പെടുത്തുന്നതിന് തീരുമാനം എടുത്തിട്ടില്ല. |
| ഡി) | ഹൈക്കോടതി ഉത്തരവ് പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ട ആരെങ്കിലും നിലവിൽ ജോലിയിൽ തുടരുന്നുണ്ടോ; എങ്കിൽ എത്ര പേർ; ഏതേത് തസ്തികകളിൽ; വിശദാംശം നൽകുമോ: | ഡി) | ഉണ്ട്. എറണാകുളം റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി മാനേജർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. റിജാസ് ഹാരിത്ത്. വി.എച്ച്. ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം ജോലിയിൽ തുടരുന്നുണ്ട്. |

| | | | |
|---|---|---|---|
| ഇ) | ഈ സ്ഥാപനത്തിൽ യാതൊരു മാനദണ്ഡവുമില്ലാതെ ജോലിയിൽ പ്രവേശിപ്പിച്ചവരെ സ്ഥിരപ്പെടുത്തുന്നതിന് ഉള്ള നീക്കം നീതിയുക്തമല്ലെങ്കിൽ പ്രസ്തുത നീക്കം ഉപേക്ഷിക്കാൻ തയ്യാറാകുമോ; നിയമിക്കപ്പെട്ട് നിലവിൽ ജോലി നോക്കി വരുന്നവരിൽ എത്ര പേരെ ഇനിയും സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നു; വിശദമായ കണക്ക് നൽകുമോ? | ഇ) | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നാളിതുവരെ ആരെയും സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ